ഭരണഭാഷ-മാതൃഭാഷ

ICDS/B2-7512/21

വനിതശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം.
തീയതി : 06-07-2021
ഇ-മെയിൽ directorate.wcd@kerala.gov.in
ഫോൺ നമ്പർ 0471-2346534

വനിത ശിശു വികസന ഡയറക്ടർ.

എല്ലാ ജില്ലാതല പ്രോഗ്രാം ഓഫീസർമാർക്കും.

സർ,

വിഷയം: വനിത ശിശു വികസന വകുപ്പ് - സംയോജിത ശിശു വികസന സേവന പദ്ധതി - പേരന്റിംഗ് - വെബിനാർ സംഘടിപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന : ഈ കാര്യാലയത്തിലെ 28-05-21,08-06-21,22-06-21 എന്നീ തീയതികളിലെ ഇതേ നമ്പർ കത്തുകൾ.

കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ കുട്ടികൾക്ക് അങ്കണവാടികളിൽ എത്തി പ്രീ-സ്കൂൾ പഠനം നടത്താൻ സാധിക്കാതെ വീടുകളിൽ തന്നെ കഴിയേണ്ടിവരുന്ന സാഹചര്യത്തിൽ രക്ഷിതാക്കൾക്കായി പേരന്റിംഗ് വെബിനാറുകൾ നടത്താൻ തീരുമാനിക്കുകയുണ്ടായി. 31-05-21നും 10-06-21നും, 24-06-21നും നടന്ന വെബിനാറിനെ തുടർന്ന് 08-07-21, 22-07-21 തീയതികളിൽ അടുത്ത വെബിനാറുകൾ നടത്തുന്നു.

08-07-21ന് 6 വയസ്സിനു താഴെ പ്രായമുള്ള കുട്ടികളുടെ രക്ഷകർത്താക്കൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ സംബന്ധിച്ചും, 22-07-21ന് 3 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികളുടെ വികസനവുമായി ബന്ധപ്പെട്ട Stimulation activities എന്നീ വിഷയങ്ങളെ സംബന്ധിച്ചും Dr. M K C നായരാണ് ക്ലാസ് നയിക്കുന്നത്. 08-07-21ന് 3.00 മണിക്ക് നടത്താൻ തീരുമാനിച്ചിട്ടുള്ള വെബിനാറിൽ ഓരോ ജില്ലയിൽ നിന്നും പുതുതായി അങ്കണവാടിയിൽ പ്രവേശനം നേടിയ 6 കുട്ടികളുടെ രക്ഷിതാക്കളേയും (കഴിഞ്ഞ

ക്ലാസിൽ പങ്കെടുത്തവരെ ഒഴിവാക്കി പകരം) ഓരോ അങ്കണവാടി വർക്കർമാരേയും Zoom/meetൽ ഉൾപ്പെടുത്തേണ്ടതാണ്. ടി Zoom/meetന്റെ YouTube live എല്ലാ പ്രോഗ്രാം ഓഫീസർമാരും, ശിശു വികസന പദ്ധതി ഓഫീസർ, സൂപ്പർവൈസർ, അങ്കണവാടി പ്രവർത്തകർ, രക്ഷിതാക്കൾ എന്നിവർ കാണുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. Zoom/meetന്റെ ലിങ്ക് ഉടൻ നല്കുന്നതായിരിക്കും. പ്രസ്തുത സീരിയസിൽ ഇതിനകം നടത്തിയ മൂന്ന് വെബിനാറുകളുടേയും feed back ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ട താണ്.

വിശ്വസ്തതയോടെ

വനിത ശിശു വികസന ഡയറക്ടർക്കുവേണ്ടി

ജികെ/